"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം-WM3/4/2026-LSGD

തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ.എം) വകുപ്പ്

തിരുവനന്തപുരം,

തീയതി: 29-04-2026

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാന നിയമസഭാ പൊതു തിരഞ്ഞെടുപ്പ് 2026 - പരിസ്ഥിതി സൗഹൃദ തിരഞ്ഞെടുപ്പ് നടത്തിപ്പ് - മാർഗ്ഗനിർദ്ദേശങ്ങൾ - ഭേദഗതി - സംബന്ധിച്ച്.

സൂചന:- 1) 18.02.2026-ലെ സ.ഉ(അച്ചടി) നം. 24/2026/ധന നമ്പർ ഉത്തരവ്

2) മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ 20.02.2026 ലെ ഇ.എൽ4/209/2025-ഇലക്ഷൻ നം. സർക്കുലർ.

3) 17.03.2026-ലെ WM3/4/2026-LSGD നമ്പർ സർക്കുലർ

4) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 03.04.2026 ലെ SM/32/2026-E2 SSM നമ്പർ കത്ത്.

2026 ലെ സംസ്ഥാന നിയമസഭാ പൊതു തിരഞ്ഞെടുപ്പ് ഗ്രീൻ പ്രോട്ടോകോൾ പാലിച്ച് നടപ്പിലാക്കുന്നതിന്, പോളിംഗ് സ്റ്റേഷനുകളിലും, വിതരണ/ സംഭരണ/ വോട്ടെണ്ണൽ കേന്ദ്രങ്ങളിലും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ചുമതല വഹിക്കുന്ന ഹരിതകർമ്മസേനാംഗങ്ങൾക്ക് പ്രതിദിന വേതനം 710/- രൂപ (എഴുന്നൂറ്റി പത്ത് രൂപ മാത്രം) യായി സൂചന (3) പ്രകാരം സർക്കാർ നിശ്ചയിച്ചിരുന്നു. എന്നാൽ സൂചന (1) പ്രകാരം 2026 ഏപ്രിൽ 1 മുതൽ പ്രതിദിന മിനിമം വേതന തുക 750/- രൂപ ആയി നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപെടുവിച്ചിട്ടുള്ളതിനാൽ, തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ശുചീകരണ പ്രവർത്തനങ്ങൾക്ക് നിയോഗിക്കുന്ന ഹരിതകർമ്മസേനാംഗങ്ങളുടെ പ്രതിദിന വേതനം 750/- രൂപ ആയി വർദ്ധിപ്പിക്കണമെന്ന് സൂചന (4) പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഈ വിഷയം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സൂചന (3) സർക്കുലറിലെ ഖണ്ഡിക 5ൽ "പ്രതിദിനം 710/- രൂപ" എന്ന് രേഖപ്പെത്തിയിരിക്കുന്നത് "പ്രതിദിനം 750/- രൂപ"

എന്ന് ഭേദഗതി വരുത്തുന്നു. വേതനത്തുക ഇനിയും നൽകാത്ത ഹരിതകർമ്മസേനാംഗങ്ങൾക്ക് പ്രതിദിനം 750/- രൂപ നിരക്കിൽ തുക നല്കാവുന്നതും, തുക ഇതിനകം നൽകിയിട്ടുണ്ടെങ്കിൽ അർഹമായ ബാക്കി തുക കൂടി അനുവദിക്കാവുന്നതുമാണ്.

(2) മേൽ ഭേദഗതിയോടെ സൂചന (3)-ലെ സർക്കുലർ നിലനിൽക്കുന്നതാണ്.

അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Vinod Kumar. V
Date: 04-05-2026 13:41:46

സെക്ഷൻ ഓഫീസർ

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എല്ലാ ജില്ലാ കളക്ടർമാർക്കും
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്,തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ, കെ എസ് ഡബ്ല്യൂ എം പി
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
ഡയറക്ടർ ജനറൽ, കില
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ(I&PRD), വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക്